"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - പ്രകൃതിക്ഷോഭം മൂലമുള്ള വിള നഷ്ടപരിഹാരം- 2021 വർഷത്തിൽ ഉണ്ടായ കൃഷി നാശം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ഷോർണ്ണൂർ കൃഷി ഭവൻ പരിധിയിലെ കർഷകരുടെ അപേക്ഷ മാനുവൽ ആയി സമർപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.68/2025/AGRI തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:- കൃഷി വകുപ്പ് ഡയറക്ടറുടെ 03/01/2025 തീയതിയിലെ ADFW/3510/2022-TR-1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021 ഒക്ടോബർ മാസത്തിലുണ്ടായ കനത്ത മഴയിൽ ഒന്നാം വിള നെൽകൃഷി നശിച്ച ഷൊർണ്ണൂർ കൃഷി ഭവൻ പരിധിയിലെ കാരക്കാട്, കവളപ്പാറ പാടശേഖരങ്ങളിലെ 28 കർഷകരുടെ 2,66,220/- രൂപയുടെ ക്ലെയിം ലഭിച്ചത് 29/11/2021 തീയതിയിൽ മാത്രമാണെന്നും, സമയ പരിധി കഴിഞ്ഞതിനാൽ ആയത് AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചില്ല എന്നും പരാമർശത്തിലെ കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അപേക്ഷ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ മാനുവൽ അപേക്ഷയിൽ മേൽ തുക അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ടിരുന്നതായും, ആയതിനാൽ പ്രസ്തുത അപേക്ഷകൾ മാന്വൽ ആയി സ്വീകരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ മാസത്തിലുണ്ടായ കനത്ത മഴയിൽ ഒന്നാം വിള നെൽകൃഷി നശിച്ച ഷൊർണ്ണൂർ കൃഷി ഭവൻ പരിധിയിലെ കാരക്കാട്, കവളപ്പാറ പാടശേഖരങ്ങളിലെ 28 കർഷകരുടെ 2,66,220/- രൂപയുടെ ക്ലെയിം കാലതാമസം മൂലം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അപേക്ഷ മാനുവൽ ആയി പരിഗണിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY V S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 30-04-2025 14:37:59

30-04-2025 14:37
സെക്ഷൻ ഓഫീസർ

പകർപ്പ്:-കൃഷി വകുപ്പ് മന്ത്രിയുടെ പി.എയ്ക്ക്